"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പീരുമേട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പ്ലസ് വൺ കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള ജോൺ സുമി എന്ന വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പീരുമേട് പ്രീമെട്രിക് ഹോസ്റ്റലിൽ ഒഴിവുള്ള പട്ടികവിഭാഗം സീറ്റിലേക്ക് പ്രവേശനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.710/2024/SCSTD തീയതി,തിരുവനന്തപുരം, 23-08-2024

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23/7/2024-ലെ SCDD/2394/2024-C2 (EDN C) നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ പീരുമേട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പ്ലസ് വൺ കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള മൂങ്കലാർ എസ്റ്റേറ്റിൽ താമസിക്കുന്ന തൊഴിലാളികളുടെ മകനായ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ജോൺ സുമി എന്ന വിദ്യാർത്ഥിയ്ക്ക് സ്കൂളിൽ നിന്നും താമസസ്ഥലത്തേക്ക് 50 Km ദൂരമുണ്ടെന്നും കൂടാതെ ടി റൂട്ടിൽ ബസ് സർവ്വീസ് ഇല്ലായെന്നും അതിനാൽ ടി വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പീരുമേട് പ്രീമെട്രിക് ഹോസ്റ്റലിലേക്ക് പ്രവേശനം നൽകണമെന്ന് ബഹു പീരുമേട് എം.എൽ.എ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പീരുമേട് പ്രീമെട്രിക് ഹോസ്റ്റലിൽ അനുവദനീയമായ 30 സീറ്റിൽ പട്ടികജാതി വിഭാഗത്തിൽ 27 വിദ്യാർത്ഥികൾക്കും, മറ്റ് വിഭാഗത്തിലുള്ള 3 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിയിട്ടുണ്ടെന്നും എന്നാൽ ഒരു പട്ടികജാതി വിഭാഗം വിദ്യാർത്ഥി ഹോസ്റ്റൽ വിട്ടുപോയ സാഹചര്യത്തിൽ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ജോൺ സുമി എന്ന വിദ്യാർത്ഥിയ്ക്ക് നിലവിൽ ഒഴിവുള്ള പട്ടികവിഭാഗം സീറ്റിലേക്ക് പ്രവേശനം അനുവദിക്കുന്ന വിഷയത്തിൽ ഉചിതമായ നിർദേശം നൽകണമെന്ന് പരാമർശം(1) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ജോൺ സുമി എന്ന വിദ്യാർത്ഥിയ്ക്ക് പീരുമേട് പ്രീമെട്രിക് ഹോസ്റ്റലിൽ ഒഴിവുള്ള പട്ടികവിഭാഗം സീറ്റിലേക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

G S SAGINA

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,.എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

H Suni

Date: 23-08-2024 12:58:09

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്